**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5952** **09-11-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിക്ക് എപ്പോഴാണ് ഭരണാനുമതി ആയത്; എപ്പോഴാണ് പ്രവൃത്തി തുടങ്ങിയത്; വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കാരന്തോട് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25/04/2019-ന് ഭരണാനുമതി നൽകുകയും 04/07/2019 ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചുക്കാനം പട്ടികജാതി കോളനിയിലെ പ്രവൃത്തികൾക്ക് 10/02/2021-ന് ഭരണാനുമതി നൽകുകയും 29/09/2021-ന് പ്രവൃത്തി ആരംഭിക്കുന്നതിന് കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടുത്തുവയൽ, എയ്യൻകല്ല് എന്നീ കോളനികളിലെ വികസന പ്രവർത്തനങ്ങൾക്ക് യഥാക്രമം 13/08/2020, 20/08/2020 തീയതികളിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പട്ടുത്തുവയൽ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ 10/10/2020-ന് ആരംഭിച്ചിട്ടുണ്ട്. എയ്യൻകല്ല് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ബി) | പദ്ധതിയുടെ പൂർത്തീകരണ കാലാവധി എപ്പോഴാണ്; പദ്ധതിയിൽ വരുന്ന നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ? | (ബി) | പട്ടികജാതി കോളനികളിലെ പദ്ധതികളുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. കാരന്തോട് കോളനിയിലെ പ്രവൃത്തികൾ 30/11/2021നും, ചുക്കാനം കോളനിയിലെ പ്രവൃത്തികൾ 30/04/2022-നും പൂർത്തീകരിക്കുന്നതാണ്. കോവിഡ് 19, കാലാവസ്ഥയിലുണ്ടായ വ്യതിയാനം എന്നിവ മൂലമാണ് പ്രവൃത്തികൾ വൈകിയത്. പട്ടികവർഗ്ഗ കോളനികളിലെ പ്രവൃത്തികൾ ഒരുവർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് കരാറിൽ പറഞ്ഞിട്ടുള്ളത്. 31/03/2022-നകം പദ്ധതികൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എയ്യൻകല്ല് കോളനിയിലെ വികസന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളിൽ മാറ്റം വരുത്തണമെന്ന് കോളനി നിവാസികൾ ആവശ്യപ്പെട്ടതിനാലാണ് നിർമ്മാണ പ്രവൃത്തികൾ വൈകുന്നത്. |

സെക്ഷൻ ഓഫീസർ